**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 818 — 05.06.2018 -ൽ മറുപടിക്ക്

## ഉത്തരവാദിത്ത ടൂറിസം മിഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചത് ടൂറിസം മേഖലയിൽ എന്തെല്ലാം മാറ്റങ്ങൾക്ക് വഴി തെളിച്ചെന്ന് വിശദമാക്കാമോ ; | എ) ടൂറിസത്തെ തദ്ദേശീയ/ഗ്രാമീണ മേഖലയുടെ വികസനത്തിനും ദാരിദ്ര്യ ലഘൂകരണത്തിനും സ്ത്രീ ശാക്തീകരണത്തിനുമുള്ള ഉപാധിയാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ച പ്രവർത്തന മാരംഭിച്ചിട്ടുണ്ട്. ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തന ഫലമായി കുമരകം, തേക്കടി, വൈത്തിരി, അമ്പലവയൽ, കുമ്പളങ്ങി, ബേക്കൽ, കോവളം എന്നിവിടങ്ങളിലെ പ്രാദേശിക യൂണിറ്റുകൾക്ക് വലിയ വരുമാനം നേടികൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഹോംസ്റ്റേ, ഫാം സ്റ്റേ, ടെണ്ടഡ് അക്കോമഡേഷൻ, കരകൗശല വസ്തു നിർമ്മാണം, മറ്റ് മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ തുടങ്ങിയവക്കായി 700 പേർക്ക് പരിശീലനം 7 മാസം കൊണ്ട് നൽകാൻ കഴിഞ്ഞിട്ടുണ്ട്. ജില്ലാതല അവബോധ ശിൽപ്പശാലയിലൂടെ ടൂറിസം രംഗവുമായും അല്ലാതെയുമുള്ള വിവിധ |

ജനവിഭാഗങ്ങളിൽ അവബോധം സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ അവബോധ ശിൽപ്പശാലകളിൽ മാത്രം 1200 പേർ പങ്കെടുത്തിട്ടുണ്ട്. ഇതിനുപുറമേ പ്രാദേശികമായി ടൂറിസം പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിനായി 750 റിസോർസ് പേർസൻമാരെ തെരഞ്ഞെടുത്ത് പരിശീലനം നൽകി വരികയാണ്. 7 കേന്ദ്രങ്ങളിൽ മാത്ര മായി നടന്നു വന്നിരുന്ന ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ സംസ്ഥാനത്തുടനീളം വ്യാപി പ്പിക്കാൻ ഉത്തരവാദിത്ത ടൂറിസം മിഷന് ചുരുങ്ങിയ കാലയളവിനുള്ളിൽ തന്നെ കഴിഞ്ഞിട്ടുണ്ട്. ഇതിനുപുറമേ ടൂറിസം കേന്ദ്രങ്ങളിലെ മാലിന്യ സംസ്കരണ പ്രക്രിയ യിൽ ടൂറിസം സ്റ്റേക്ക് ഹോൾഡർമാരുമായി ചേർന്ന് ക്ലീൻ വേമ്പനാട് ഇനിഷ്യേറ്റീവ് പോലുള്ള പ്രവർത്തനങ്ങളും മാതൃകാപരമായി മിഷൻ നേതൃത്വം കൊടുത്ത് നടപ്പാക്കി വരുന്നു.

| | |
|---|---|
| ബി) അഞ്ചു വർഷം കൊണ്ട് ഒരു ലക്ഷം പേർക്ക് വിവിധ മേഖല കളിൽ തൊഴിൽ ലഭ്യമാക്കുവാൻ ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ മേഖലകളിലാണ് തൊഴിൽ ലഭ്യമാക്കുന്നത് ; | ബി) ഉണ്ട്. ടൂറിസം മേഖലയിൽ പ്രത്യക്ഷമായും പരോക്ഷമായും ഒരു ലക്ഷം പേർക്കു തൊഴിൽ ലഭ്യമാക്കുക എന്നത് ഉത്തരവാദിത്ത ടൂറിസം മിഷന്റെ വിവിധ ലക്ഷ്യങ്ങളിലൊന്നാണ്. ഇതിന്റെ ഭാഗമായി 5 വർഷം കൊണ്ട് 1,00,000 പേർക്ക് കൃഷി, ഉല്പാദനം, വിപണനം, പരമ്പരാഗത ഉൽപ്പന്നങ്ങളുടെ ടൂറിസം മേഖലയിലെ വിപണനം, കരകൗശല വസ്തുക്കളുടെ ഉത്പാദന വിപണനം, സുവനീർ ഉത്പാദന വിപണനം, ആക്സസിബിൾ ടൂറിസം പാക്കേജുകളുടെ രൂപീകരണ വിപണനം, ടൂറിസം റിസോഴ്സ് മാപ്പിംഗ്, ടൂറിസം റിസോഴ്സ് |

ഡയറക്ടറിയുടെ പ്രസിദ്ധീകരണം, കൾച്ചറൽ പാക്കേജുകൾ, വേസ്റ്റ് മാനേജ്മെന്റിനായി ടൂറിസം കേന്ദ്രങ്ങളിലെ നിർമ്മാണവും ഇതര സ്ഥിര സംവിധാനങ്ങളുടെ മേൽനോട്ടവും, ഉൽപ്പന്ന വിപണന സംവിധാനത്തിനായി ഉത്തരവാദിത്ത ടൂറിസം നെറ്റ് വർക്ക്, കൾച്ചറൽ ഫോറം, ടൂറിസം മേഖലകളിൽ തൊഴിൽ ലഭ്യമാക്കുന്നതിനായി ആർ.ടി ഹ്യൂമൻ റിസോഴ്സ് ഡയറക്ടറി, ഇതിനായുള്ള മൊബൈൽ ആപ്പുകൾ, ഓൺ ലൈൻ പ്ലാറ്റ്ഫോമുകൾ എന്നിവയിലൂടെ തൊഴിൽ ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

| | |
|---|---|
| സി) ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ സ്പെഷ്യൽ ടൂറിസം ഗ്രാമസഭകൾ സംഘടിപ്പിച്ചിരുന്നോ; എങ്കിൽ പ്രസ്തുത ഗ്രാമസഭകളിൽ ഉയർന്നുവന്ന പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണ് ; അവ പ്രാവർത്തികമാക്കിയിട്ടുണ്ടോ; | സി) തെരഞ്ഞെടുക്കപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്പെഷ്യൽ ടൂറിസം ഗ്രാമസഭകൾ സംഘടിപ്പിച്ചിട്ടുണ്ട്. 10 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇതുവരെ സ്പെഷ്യൽ ടൂറിസം ഗ്രാമസഭകൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇവിടെ നിന്നുള്ള നിർദ്ദേശങ്ങളുടെ ഭാഗമായി പ്രസ്തുത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ടൂറിസം സാദ്ധ്യതകൾ കണ്ടെത്തുന്നതിനായി ടൂറിസം റിസോർസ് മാപ്പിംഗ് ആരംഭിച്ചിട്ടുണ്ട്. ഇതേ ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ അതതു പ്രദേശങ്ങളിൽ വിവിധ പരിശീലനങ്ങളും നടന്നു വരുന്നു. ഗ്രാമസഭകളിൽ നിന്നും നിർദ്ദേശിക്കപ്പെട്ട ടൂർ പാക്കേജുകൾ തയ്യാറാക്കി വരുന്നു. ടൂറിസം അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട ഷെൽഫ് ഓഫ് പ്രോജക്ട്സ് തയ്യാറാക്കി വരുന്നു. |

ഡി) ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ വനിതകൾ, പട്ടികജാതി വിഭാഗങ്ങൾ, ഭിന്നശേഷിക്കാർ എന്നിവരുടെ ജീവിതത്തിൽ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഡി) ഈ പദ്ധതി നടപ്പാക്കുന്നതു വനിതകൾ, പട്ടികജാതി വിഭാഗങ്ങൾ, ഭിന്നശേഷിക്കാർ എന്നിവരുടെ ജീവിതത്തിൽ ഗുണപരമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനു കൂടിയാണ്. ഈ ലക്ഷ്യം മുൻകണ്ടുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി പ്രസ്തുത മേഖലയിലുള്ളവർക്കായി വിവിധ തൊഴിൽ പരിശീലനങ്ങൾ നൽകി വരുന്നു. ഇപ്രകാരം സൃഷ്ടിക്കുന്ന ഉൽപ്പന്നങ്ങൾ ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് വിപണനം ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങളിലൂടെ പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ടവരുടെ സാമൂഹ്യ സാമ്പത്തിക ശാക്തീകരണം സാദ്ധ്യമാകുമെന്ന് വിലയിരുത്തുന്നു.

സെക്ഷൻ ഓഫീസർ.